# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3413 10.12.2018-ൽ മറുപടിയ്ക്ക്

## മാവേലിക്കര പാലമേൽ മത്സ്യമാർക്കറ്റ് ആധുനികവത്കരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മാവേലിക്കര പാലമേൽ മത്സ്യമാർക്കറ്റ് ആധുനികവത്കരണ നടപടികളുടെ ഭാഗമായി ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; | എ) പാലമേൽ മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇ.ടി.പി.യുടെ പ്രവൃത്തി ഒഴികെ ബാക്കിയുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പ്രവൃത്തി എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയും; ഇതിനായി ആകെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കമോ; | ബി) അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തിയ്ക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പാലമേൽ മത്സ്യ മാർക്കറ്റിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ തയ്യാറാക്കി വരുന്നതേയുള്ളു. നാളിതുവരെ കെട്ടിട നിർമ്മാണത്തിനും ഇലക്ട്രിഫിക്കേഷനുമായി 1,01,92,919/- രൂപ ചെലവായിട്ടുണ്ട്. |
| സി) തഴക്കര, മാവേലിക്കര നഗരസഭ മാർക്കറ്റുകൾ നവീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 63 മത്സ്യമാർക്കറ്റ് വികസനം അടങ്ങുന്ന 193.4696 കോടി രൂപയുടെ കൺസെപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകാരം ലഭ്യമായ ലിസ്റ്റിൽ ക്രമ നമ്പർ 40 ആയി 282.31 ലക്ഷം രൂപയുടെ തഴക്കര ഗ്രാമപഞ്ചായത്തിലെ മാങ്ങാംകുഴി മത്സ്യമാർക്കറ്റ് നവീകരണവും ക്രമ നമ്പർ 42 ആയി 300.00 ലക്ഷം രൂപയുടെ മാവേലിക്കര നഗരസഭയിലെ പുതിയകാവ് മത്സ്യമാർക്കറ്റ് നവീകരണവും ഉൾപ്പെട്ടിട്ടുണ്ട്. ഓരോ മത്സ്യമാർക്കറ്റുകളും സന്ദർശിച്ച് വിശദമായ എസ്റ്റിമേറ്റ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ |

അടങ്ങിയ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ലഭ്യമായാലുടൻ തന്നെ പദ്ധതികളുടെ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

**സെക്ഷൻ ആഫീസർ**